# പതിമൂന്നാം കേരള നിയമസഭ
## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6264** **08/07/2014-ൽ മറുപടിയ്ക്ക്**

**മത്സ്യസമൃദ്ധി പദ്ധതി**

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. എ. റ്റി. ജോർജ്:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. കെ. മുരളീധരൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യസമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. കേരളത്തിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് 2012 മുതൽ 2015 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി.<br><br>കേരളത്തിലെ ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് ലക്ഷ്യമിട്ട് കേരളത്തിലെ 14 ജില്ലകളിലെ 918 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ശുദ്ധജല/ഓരുജലാശയങ്ങളിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി 194.17 കോടി രൂപ മൊത്ത അടങ്കലും 55.30 കോടി രൂപ സബ്സിഡി വിതരണവും 12000 ഹെക്ടർ കൃഷി വ്യാപനവും 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കലും ഉല്പാദന വർദ്ധനവും കൃഷി രീതിയിലേയും മത്സ്യഇനങ്ങളിലേയും വൈവിധ്യവൽക്കരണവും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യ ങ്ങൾ വിശദമാക്കുമോ; | (ബി) ടി പദ്ധതി പൂർത്തിയാകുന്നതോടെ ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. 67750 ടൺ ശുദ്ധജല മത്സ്യവും 6875 ടൺ ആറ്റുകൊഞ്ചും, 7500 ടൺ ചെമ്മീൻ, 9000 ടൺ കല്ലുമ്മേക്കായ 900 ടൺ ഞണ്ട്, 300 ടൺ കരിമീൻ എന്നിവ അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയിലൂടെ 451.50 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. 12000 ഹെക്ടർ കൃഷി വ്യാപനവും 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കലും ഉല്പാദന വർദ്ധനവും, കൃഷി രീതിയിലേയും മത്സ്യഇനങ്ങളിലേയും വൈവിധ്യവൽക്കരണവും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. അതുവഴി ഗ്രാമീണ മേഖലയിൽ ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പ്രതിശീർഷവരുമാനം വർദ്ധിപ്പിക്കുവാനും, ആഭ്യന്തര വിപണിയിൽ ന്യായവിലയ്ക്ക് മത്സ്യലഭ്യത ഉറപ്പുവരുത്താനും അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും. |
| (സി) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയി രിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) കുളത്തിലേയും ടാങ്കുകളിലേയും ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി, പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി, പൊക്കാളി / കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി, കരിമീൻ വിത്തുപരിപാലന വില്പന യൂണിറ്റുകൾ (പി. എസ്. ആർ. യു.), കുളങ്ങളിലെ കരിമീൻകൃഷി, കൂടുകളിലെ കരി മീൻകൃഷി, അടുക്കള കുളത്തിലെ കരിമീൻകൃഷി, ഞണ്ട് കൊഴുപ്പിക്കൽ / കൃഷി, കല്ലുമ്മേക്കായ കൃഷി, പൊതുജലാശ യങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി കൾ., മത്സ്യകൃഷി പരിശീലന / ബോധവത്കരണ പരിപാടി കൾ, മത്സ്യകൃഷിയെക്കുറിച്ചുള്ള കൈപ്പുസ്തക വിതരണം |

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) പദ്ധതിനടത്തിപ്പിനായി സംസ്ഥാനത്ത് 50 പ്രോജക്റ്റ് അസിസ്റ്റന്റുമാരെ 14 ജില്ലകളിലായി കരാർഅടിസ്ഥാനത്തിൽ നിയമിക്കുകയും പഞ്ചായത്തുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനത്ത് 759 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായ സംസ്ഥാന തല സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളുടേയും വ്യക്തികളുടേയും ഏകോപനം ഉറപ്പുവരുത്തുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയും പഞ്ചായത്തുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പഞ്ചായത്ത്തല സ്റ്റീയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ ജില്ലകൾക്ക് അനുവദിച്ചു നൽകിയ ഘടകപദ്ധതികളുടെ ടാർജറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് സ്റ്റൈപന്റോടുകൂടിയ പരിശീലനം ലഭ്യമാക്കുകയും തുടർന്ന് സർവ്വേ നടത്തി അനുയോജ്യമായ ജലാശയങ്ങളിൽ സബ്സിഡി നിരക്കിൽ മത്സ്യ/ചെമ്മീൻ/കരിമീൻ/കല്ലുമ്മേക്കായ/ഞണ്ട് വിത്തുകൾ ലഭ്യമാക്കുകയും ചെയ്തു. ഓരോ വർഷവും കർഷകർക്ക് മത്സ്യതീറ്റ ഇനത്തിൽ ചിലവാക്കുന്ന തുക ചെക്കായി വിതരണം ചെയ്തുവരുന്നു. പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സൈറ്റുകളിലായി ഓരോ വർഷവും 21 ലക്ഷം രൂപയുടെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഒന്നും രണ്ടും വർഷ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കി.

പദ്ധിയുടെ ഒന്നാം വർഷത്തിൽ (2012-13) 905 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാനും 9039 കർഷകർക്ക് പരിശീലനം നടത്തുവാനും 9000.163 ഹെക്ടറിൽ മത്സ്യ/ആറ്റ്കൊഞ്ച്/ചെമ്മീൻ/കരിമീൻ കൃഷി നടപ്പിലാക്കുവാനും സാധിച്ചു. 56684 കർഷകർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായി പദ്ധതി നടത്തിപ്പിലൂടെ ഒന്നാം വർഷത്തിൽ 25807.48 ടൺ മത്സ്യോത്പാദനം കൈവരിച്ചതിലൂടെ ആഭ്യന്തര വിപണിയിൽ ഏകദേശം 250 കോടിയിലേറെ വരുമാനം ലഭിച്ചതായി കണക്കാക്കുന്നു. കൂടാതെ മികച്ച രീതിയിൽ കൃഷി ചെയ്ത കർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവാർഡ് വിതരണം ചെയ്തു.

പദ്ധതിയുടെ രണ്ടാംവർഷത്തിൽ (2013-14) 918 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 10163.779 ഹെക്ടറിൽ മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ/കരിമീൻ കൃഷി നടപ്പിലാക്കുവാൻ സാധിച്ചു. 5681 കർഷകർക്ക് പരിശീലനം നൽകി. 65178 കർഷകർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായി. 36492.5 ടൺ മത്സ്യോത്പാദനം കൈവരിച്ചതിലൂടെ ആഭ്യന്തര വിപണിയിൽ ഏകദേശം 370 കോടിയിലേറെ വരുമാനം ലഭിച്ചതായി കണക്കാക്കുന്നു. പദ്ധതിയുടെ മൂന്നാം വർഷ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ആഫീസർ